TUESDAY 28/04/2026 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development & Farmer’s Welfare Department**

**Government of Kerala**

Chief Editor: SINDHU. K S    Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff


GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/04/2026

1. കേരള കാർഷിക സർവകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കര കാർഷിക കോളേജിലെ അലങ്കാര സസ്യകൃഷി വിഭാഗത്തിൽ വിവിധ മുന്തിയ ഇനം അലങ്കാര ചെടികൾ മിതമായ വിലയിൽ വില്പനയ്ക്ക് ഒരുക്കിയിട്ടുണ്ട്. വീടുകളും തോട്ടങ്ങളും മനോഹരമാക്കാൻ അനുയോജ്യമായ പൂച്ചെടികൾ, ഇലച്ചെടികൾ, സക്കുലന്റുകൾ, ഇൻഡോർ സസ്യങ്ങൾ എന്നിവ ഉൾപ്പെടുന്ന വൈവിധ്യമാർന്ന ശേഖരം ഇവിടെ ലഭ്യമാണ്. വിൽപ്പനയ്ക്ക് ഒരുക്കിയിരിക്കുന്ന പ്രധാന ഇനങ്ങളിൽ ചെമ്പരത്തി വകഭേദങ്ങൾ (മുളക് ചെമ്പരത്തി ഉൾപ്പെടെ), വിവിധ തരം ആമ്പലുകൾ, തെച്ചി ഇനങ്ങൾ , ക്രോട്ടണുകൾ, മുല്ല ഇനങ്ങൾ, മോർണിംഗ് ഗ്ലോറി, പെന്റാസ്, പാസിഫ്ലോറ, മണിമുല്ല, നന്തിയാർവട്ടം (മിനിയേച്ചർ), മുരായ, പോർട്ടുലാക്ക, വാട്ടർ റോസ്, ഗ്ലൈലാഡിയ, ഹൈബ്രിഡ് സിന്നിയ, ഹൈബ്രിഡ് സെലോസിയ, വാടാർമല്ലി, ലില്ലി എന്നിവ ഉൾപ്പെടുന്നു.ഇതിനുപുറമെ ഫിലോഡെൻഡ്രോൺ, മോൺസ്റ്റെറ, സിങ്കോണിയം, അലോക്കേഷ്യ, ഷെഫ്ലെറ, മോണ്ടോ ഗ്രാസ് , ഏഞ്ചൽ വിംഗ് കാലാഡിയം, അരേലിയ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇനങ്ങൾ, അഗ്ലോണിമ, കാക്ടസ്, സക്കുലന്റുകൾ, സാൻസ്‌വേരിയ സാൻസ്‌വേറിയ ഇനങ്ങൾ, ZZ ചെടി, പെപ്പറോമിയ, കാലേഡിയം,മണി പ്ലാന്റ്സ് , ഡ്രസീന ഇനങ്ങൾ, ബ്രോമീലിയാഡുൾ, ഫേണുകൾ എന്നിവയും ലഭ്യമാണ്.കൂടാതെ വെള്ളുത്തുള്ളി വള്ളി, ക്ളീറോഡെൻഡ്രം , ഗോൾഡൻ ക്രീപ്പർ , ക്രീപ്പിങ് മോൺസ്റ്റെറ, പീസ് ലില്ലി, പെഡിലാന്തസ് ഇനങ്ങൾ, വൈൽഡ് ആന്തൂറിയം, ചൈനീസ് ബാൽസം, അഡീനിയം, പ്ലൂമേറിയ, ഗോൾഡൻ ഡെസ്മോഡിയം, പെടിയ, സ്യൂഡെറാ ന്തിമം ഇനങ്ങൾ തുടങ്ങിയവയും ശേഖരത്തിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട്.

**ഫോൺ: +91 8547154010, +91 96075 85594.**

2. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബിവി 380 ഇനം കോഴിക്കുഞ്ഞുങ്ങൾക്ക് 175/- രൂപ നിരക്കിൽ അഡ്വാൻസ് ബുക്കിംഗ് ആരംഭിച്ചു. 9400483754 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മണി മുതൽ 4 മണി വരെയുള്ള സമയങ്ങളിൽ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

3. വെള്ളായണി കാർഷിക കോളേജിലെ വിജ്ഞാന വ്യാപന വിദ്യാഭ്യാസ വിഭാഗവും കെ-അഗ്ടെക് ലോഞ്ച്പാഡും ചേർന്ന് "നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ" എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ബാലരാമപുരത്തെ തെങ്ങ് ഗവേഷണ കേന്ദ്രത്തിൽ ഏപ്രിൽ 29-ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ പരിശീലനം നടക്കും.നാളികേരത്തിൽ നിന്ന് വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ശാസ്ത്രീയമായി നിർമ്മിക്കുന്നതിൽ പ്രായോഗിക പരിശീലനവും വിദഗ്ധരുടെ ക്ലാസുകളും ചോദ്യോത്തര സെഷനും പരിപാടിയുടെ പ്രധാന ആകർഷണങ്ങളാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമാണ് പ്രവേശനം. താൽപര്യമുള്ളവർ 500 രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് പ്രവർത്തിദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ 9995624888 / 8075566973 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാലയിലെ ഇ-പഠന കേന്ദ്രം CAD ഉപയോഗിച്ചുള്ള ലാൻഡ്സ്കേപ്പ് ഡിസൈനിന്റെ അടിസ്ഥാന

ff



Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാര്യങ്ങൾ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം മെയ് മാസം 11 മുതൽ 15 വരെ 2 മണി മുതൽ 5 മണി വരെ പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു . രജിസ്ട്രേഷൻ ഫീസ് 1000 രൂപ. രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി 2026 മെയ് 8. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2438565, 8547837256, 9495943875.

5. ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർകോമ്പൗണ്ടിങ്; മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമാണം; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ; മാർക്കറ്റിങ്, പ്ലാനിങ്, കൺട്രോൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം 2026 മെയ് 11 മുതൽ 15 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ._ഐ.ആർ.റ്റി.) വെച്ച് നടക്കും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9497487209, 04812353127 എന്നീ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോൺനമ്പരുകളിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

6. **കാർഷിക നിർദേശം**

കുരുമുളക് തോട്ടങ്ങളിൽ ദ്രുതവാട്ടത്തിനെതിരെ മുൻകരുതലുകൾ എടുക്കേണ്ട സമയമാണിത്. ദ്രുതവാട്ടംവന്ന് ഉണങ്ങിയതും കേടുവന്നതുമായ വള്ളികൾ മുറിച്ച് മാറ്റിതീയിട്ട് നശിപ്പിക്കണം. ദ്രുതവാട്ടത്തിനെതിരെ ട്രൈക്കോഡെർമ്മ എന്ന കുമിളിന്റെ കൾച്ചർ ഉപയോഗിക്കുന്നത് ഫലപ്രദമായിരിക്കും. ഒരു കിലോഗ്രാം ട്രൈക്കോഡെർമ്മ 10 കിലോഗ്രാം വേപ്പിൻപിണ്ണാക്ക്, 90കിലോഗ്രാം ഉണക്കിപ്പൊടിച്ച ചാണകം എന്നിവ ചേർത്ത് നല്ല തണലുള്ളതും വെള്ളം കയറാത്തതുമായ സ്ഥലത്ത്കൂട്ടിക്കലർത്തി ചാക്ക് കൊണ്ടോ, ന്യൂസ് പേപ്പർ കൊണ്ടോ പൊതിഞ്ഞ് രണ്ടാഴ്ച്ചയിടണം. ഇടയ്ക്ക് ഇളക്കി കൊടുക്കുകയും, ചെറിയ ഈർപ്പം നിലനിർത്താൻ വെള്ളം തളിയ്ക്കുകയും വേണം. അതിന് ശേഷം ഈ മിശ്രിതം ചെടിയുടെ ചുവട്ടിൽ ചേർത്ത്കൊടുത്താൽ ദ്രുതവാട്ടം വരാതിരിക്കുന്നതിന് ഒരു പരിധി വരെ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സഹായിക്കും. കീടനാശിനിയോടൊപ്പമോ രാസവളത്തോടൊപ്പമോ ഒരിക്കലും ഇത് മിശ്രണം ചെയ്യാൻ പാടില്ല.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം